# കേരള കാർഷിക സർവ്വകലാശാല


**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം**

**ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര**

**Email: cohagmet@kau.in & kauagmet@yahoo.co.in**


**കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ**

# എറണാകുളം ജില്ല

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എ.എസ് 33/2018(66), വെള്ളിയാഴ്ച** — **തീയ്യതി 17.08.2018**

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 18.08.2018 | 19.08.2018 | 20.08.2018 | 21.08.2018 | 22.08.2018 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 50 | 30 | 21 | 10 | 6 |
| ഉയർന്ന താപനില (°C) | 27 | 29 | 30 | 30 | 30 |
| കുറഞ്ഞ താപനില (°C) | 23 | 24 | 24 | 24 | 24 |
| മേഘവ്യാപ്തി (ഒക്ട) | 8 | 8 | 8 | 8 | 8 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 95 | 95 | 95 | 95 | 95 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 85 | 85 | 85 | 85 | 85 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 008 | 008 | 008 | 008 | 008 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 290 | 290 | 290 | 290 | 290 |
| അടുത്ത ആഴ്ച്ച കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴയ്ക്ക് സാധ്യത.<br>വരും ദിവസങ്ങളിൽ എറണാകുളം ജില്ലയിൽ മഴയുടെ ശക്തി കുറഞ്ഞു വരാൻ സാധ്യത. | | | | | |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| തെങ്ങ് | - | കൂമ്പുചീയൽ | തുടർച്ചയായ മഴ മൂലം, തെങ്ങിൽ കൂമ്പുചീയൽ രോഗം വരാൻ സാധ്യതയുണ്ട്. തെങ്ങിലെ കൂമ്പുചീയൽ രോഗത്തിനു മുൻകരുതലായി സുഷിരങ്ങൾ ഇട്ട മാങ്കോസെബ് സാഷെ (5 ഗ്രാം) മൂന്നുപായ്ക്കറ്റ് വീതം ഒരോ തെങ്ങിന്റെ കൂമ്പിനു ചുറ്റും വയ്ക്കുക. മഴ പെയ്യുമ്പോൾ മരുന്ന് കുറേശെയായി കൂമ്പിലേക്ക് ഒലിച്ചിറങ്ങുന്നതു വഴി ഈ രോഗം ഒരു പരിധി വരെ നിയന്ത്രിക്കാം. |
| വാഴ | കുലച്ച പരുവം | ഇലപ്പുള്ളി രോഗം | മഴക്കാലമായതിനാൽ വാഴയിൽ കുമിൾ രോഗമായ ഇലപ്പുള്ളിരോഗത്തിനു മുൻകരുതലായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിക്കുക. 2 ആഴ്ചക്കു ശേഷവും രോഗത്തിനു കുറവില്ലെങ്കിൽ 2 മി.ലി ഹെക്സാകൊണാസോൾ ഒരു ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ 1 മി.ലി പ്രോപികൊണാസോൾ ഒരു ലിറ്റർ വെള്ളത്തിൽ പശ ചേർത്ത് ഇലയുടെ അടിയിൽ പതിയത്തക്ക വിധം കുളിർക്കെ തളിക്കുക. |
| പച്ചക്കറികൾ (പയർ) | കായ്ക്കുന്ന പരുവം | വാട്ടരോഗം,<br>വേരുചീയൽ | തുടർച്ചയായ മഴയും വെള്ളക്കെട്ടും മൂലം പച്ചക്കറികളിൽ വാട്ടരോഗത്തിനു സാധ്യതയുണ്ട്. വാട്ട രോഗത്തെ നിയന്ത്രിക്കാൻ 1.5 ഗ്രാം കോപ്പർ ഹൈഡ്രോക്സൈഡ് അല്ലെങ്കിൽ 2.5 ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിലും വേരുചീയൽ രോഗത്തെ നിയന്ത്രിക്കുന്നതിനായി 1 ഗ്രാം കാർബന്റാസിം അല്ലെങ്കിൽ 2 ഗ്രാം സാഫ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിലും മണ്ണു കുതിരത്തക്ക വണ്ണം ഒഴിച്ചു കൊടുക്കുക. |
| മൃഗസംരക്ഷണം | തൊഴുത്തിലും മേച്ചിൽ സ്ഥലങ്ങളിലും കുടിക്കാൻ ശുദ്ധജല ലഭ്യത ഉറപ്പു വരുത്തുക. കൊതുകു മുട്ടയിട്ടു പെരുകുന്നത് തടയുന്നതിന് വേണ്ട മുൻകരുതലുകൾ എടുക്കുക. **(സി.എ.എ.ഡി.ഇ.സി.സി.എസ്., കെ.വി.എ.എസ്.യു., മണ്ണുത്തി)** | | |